"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ്- സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 2026-27 അധ്യയന വർഷത്തെ പ്ലസ് വൺ ഏകജാലക പ്രവേശനത്തിന് 2025-26 വർഷം താൽക്കാലികമായി അനുവദിച്ചതും, നിലനിർത്തിയതും, ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും, മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.99/2026/GEDN തീയതി,തിരുവനന്തപുരം, 25-05-2026

---

പരാമർശം:-
1. സ.ഉ(കൈ)നം. 63/2023/പൊ.വി.വ. തീയതി 27-05-2023
2. സ.ഉ(കൈ)നം. 76/2023/പൊ.വി.വ. തീയതി 12-06-2023
3. സ.ഉ(കൈ)നം. 77/2023/പൊ.വി.വ. തീയതി 12-06-2023
4. സ.ഉ(കൈ)നം. 106/2023/പൊ.വി.വ. തീയതി 27-07-2023
5 സ.ഉ(കൈ)നം. 121/2023/പൊ.വി.വ. തീയതി 19-08-2023
6 സ.ഉ(കൈ)നം. 45/2024/പൊ.വി.വ. തീയതി 08-05-2024
7. സ.ഉ(കൈ)നം. 86/2024/പൊ.വി.വ. തീയതി 16-07-2024
8. സ.ഉ(കൈ)നം. 102/2025/പൊ.വി.വ. തീയതി 04-06-2025
9. 12.03.2026-ലെ ജെആർ3/34/2026/പൊ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സകൂളുകളിലെ **2026-27** അധ്യയന വർഷം പ്ലസ് വൺ പ്രവേശനം കുറ്റമറ്റതാക്കുന്നതിനും, ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടേയും പ്രവേശനം ഉറപ്പാക്കുന്നതിനും അലോട്ട്മെൻറ് പ്രക്രിയയുടെ ആരംഭത്തിൽ തന്നെ ചുവടെ പ്രതിപാദിക്കും പ്രകാരം **2025-26** അധ്യയനവർഷം തുടർന്നതും ഷിഫ്റ്റ് ചെയ്തതുമായ താൽക്കാലിക ബാച്ചുകൾ (ഒരു ബാച്ച് ഒഴികെ) തുടരുന്നതിനും മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

**1)** തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിൽ എല്ലാ സർക്കാർ സ്കൂളുകളിലും **30%** മാർജിനൽ സീറ്റ് വർദ്ധനവ് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത

വിധത്തിൽ അനുവദിക്കുന്നു.

2) തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിൽ എല്ലാ എയ്ഡഡ് സ്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധനവ് അധിക സാമ്പത്തികബാധ്യത ഉണ്ടാകാത്ത വിധത്തിൽ അനുവദിക്കുന്നു. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് 10% കൂടി മാർജിനൽ സീറ്റ് വർദ്ധനവ് പൊതുവിദ്യാഭ്യാസ ഡയറക്ടർ അനുവദിക്കേണ്ടതാണ്.

3) കൊല്ലം, തൃശ്ശൂർ എന്നീ രണ്ട് ജില്ലകളിൽ എല്ലാ സർക്കാർ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നു.

4 ) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി സ്ക്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നു.

5) എറണാകുളം ജില്ലയിലെ കോതമംഗലം, മൂവാറ്റുപുഴ എന്നീ താലൂക്കുകൾ ഒഴികെ മറ്റ് അഞ്ച് താലൂക്കുകളിലെ എല്ലാ സർക്കാർ , എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലും 20 % മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നു.

6) ഇതിനു പുറമേ 2021, 2023, 2024 എന്നീ വർഷങ്ങളിൽ അനുവദിച്ച താൽക്കാലിക ബാച്ചുകളിൽ 2025-26 അധ്യയന വർഷം താൽക്കാലികമായി തുടർന്ന 314 ബാച്ചുകളിൽ പരാമർശം (9) സർക്കാർ കത്ത് പ്രകാരം തുടരേണ്ടതില്ല എന്ന് അറിയിച്ചിട്ടുള്ള ഒരു ബാച്ച് ഒഴികെ മറ്റ് 313 താൽക്കാലിക ബാച്ചുകൾ തുടരുന്നതിന് അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി മേഖല ഉപമേധാവികൾക്കും( പൊതു വിദ്യാഭ്യാസ ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&.ഇ) കേരള, തിരുവനന്തപുരം
എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ, മുഖേന)
പൊതു വിദ്യാഭ്യാസ (ജി) വകുപ്പ്.
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ